(ഡി) ഇതിനു മുൻപുണ്ടായിരുന്ന ബോർഡുകളെല്ലാം മലയാളത്തിലും സാധാരണക്കാർക്കുകൂടി വിവരങ്ങളറിവാൻ വിശദമായതുമായിരുന്നു എന്നു് ശവമെണ്ടിനു് അറിയാമോ ;

(സി) ഇപ്പോൾ ഇങ്ങനെ ഒരു മാറ്റം വരുത്തുവാനുള്ള കാരണമെന്താണു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി), (സി) ഉദിക്കുന്നില്ല.

റേഷൻ വിതരണം

*൪൪൫. (വ്യ) ശ്രീ. എസ്സ്. കുട്ടൻ : താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഐക്യസംസ്ഥാനത്തിനകത്തുള്ള എല്ലാ ഡിസ്ട്രിക്ടുകളിലും ഒരേ അളവിലാണോ റേഷൻ വിതരണം നടത്തിയിട്ടുള്ളതു്; ഏതെങ്കിലും ഡിസ്ട്രിക്ടിൽ ഇതര ഡിസ്ട്രിക്ടുകളെ അപേക്ഷിച്ചു കൂടുതൽ കപ്പാണ്ടിറി വിതരണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെപ്പോഴാണു് ; എത്ര കൂടുതൽ ; അതിനു് പ്രത്യേക കാരണം വല്ലതും ഉണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഐക്യസംസ്ഥാനത്തിലെ എല്ലാ ഡിസ്ട്രിക്ടുകളിലും ശവമെണ്ടു് നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ചാണു് സാധാരണ റേഷൻ വിതരണം നടത്തുന്നതു്. എന്നാൽ അരി സ്റ്റോക്കിന്റെ കുറവു നിമിത്തം കൊല്ലം, കോട്ടയം ഡിസ്ട്രിക്ടുകളിൽ നെല്ലും, സ്റ്റോക്കു ഇല്ലാത്ത ചില താലൂക്കുകളിൽ കഴിഞ്ഞ ആഗസ്റ്റു്, സെപ്തമ്പർ മാസങ്ങളിൽ റേഷനിൽ അരിയുടെ ശതമാനം കുറച്ചു് അതുകൂടി ഗോതമ്പുമായി വിതരണം ചെയ്യേണ്ടതായിവന്നു. എന്നാൽ ഇതുനിമിത്തം റേഷനിലെ മൊത്തം അളവിൽ കുറവു വന്നിട്ടില്ല.

DEPARTMENTAL TEACHERS

*552. [87] **Sri. N. P. Varghese:** Will the Hon'ble Minister for Education be pleased to state :—

(*a*) whether Government have received any representation from departmental teachers who were absorbed from private schools regarding their rank in service, salary and pension in consideration of their service in private schools ; and

(*b*) if so what action has been taken by Government?

Minister for Education Labour and Civil Supplies

(Sri. Panampilli Govinda Menon):

(*a*) Yes.

(*b*) The question is under consideration of Government.

RICE MILLS

*553. [89] **Sri. N. P. Varghese:** Will the Hon'ble Minister for Food be pleased to state :—

(*a*) did Government call for applications for granting license for running rice mills in Kunnathunad and Muvattupuzha Taluks ;

(*b*) how many persons applied for the license ;

(*c*) were licenses issued to any one for running rice mills in Muvattupuzha and Kunnathunad Taluks?

LIBRARY ARCHIVES Kerala Legislative Assembly

Minister for Education Labour and Civil Supplies
(Sri. Panampilli Govinda Menon) :

(*a*) Yes.
(*b*) 20 from Kunnathunad and 16 from Muvattupuzha.
(*c*) No.

ക്ലാസ്സ് വ്യത്യാസം

* ൪൪൪. (൯൨) ശ്രീ. കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യം ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രീപ്പാരട്ടറി ക്ലാസ്സുകൾ ഫിഫ്ത്ത് ക്ലാസ്സാക്കി മാറ്റിയതോടുകൂടി ഇക്കഴിഞ്ഞ വിദ്യാഭ്യാസവർഷാരംഭത്തിൽ നടത്തിയ പ്രീപ്പാരട്ടറി ക്ലാസ്സുകളിൽ നിന്നു ജയിച്ചു വിദ്യാർത്ഥികളുടെ പ്രമോഷനെസംബന്ധിച്ചു ഗവൺമെന്റ് എന്തു കല്പനകൾ പാസ്സാക്കിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാം തീയതികളിലാണ്;

(സി) പ്രസ്തുത കല്പനകൾമൂലം പ്രസ്തുത വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്കും കുട്ടികൾക്കും നേരിട്ട ബുദ്ധിമുട്ടുകൾ ഗവൺമെന്റിനറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) വിദ്യാഭ്യാസ ഡയറക്ടർ രണ്ടു സർക്കുലറുകൾ അയച്ചിട്ടുണ്ട്.
(ബി) ൧൯൫൪ ഏപ്രിൽ ൨൦-ാം തീയതിയും ൧൯൫൪ ജൂൺ ൭-ാം തീയതിയും.
(സി) അറിവില്ല.

അദ്ധ്യാപകന്മാരുടെ ഒഴിവുകൾ

* ൪൪൫. (൯൫) ശ്രീ. കൃഷ്ണൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാനവിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ തിരുവിതാംകൂർ വിഭാഗത്തിൽ ഒന്നാം ഗ്രേഡിലുള്ള എത്ര അദ്ധ്യാപകന്മാരുടെ ഒഴിവുകൾ ഇപ്പോൾ ഉണ്ടു; ഈ ഒഴിവുകൾ എത്രയുണ്ടു മുതലു് ഉണ്ടായിട്ടുള്ളവയാണു; ഈ ഒഴിവുകളിൽ ഇതുവരെ പകരം നിയമനം നടത്താതിരുന്നതിനു് എന്താണു് കാരണം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ഒഴിവുകൾ ആണു് ഈ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്നതു് എങ്കിൽ സംയോജനത്തിനു മുമ്പു് ഉണ്ടായിരുന്ന ഒന്നാം ഗ്രേഡിലുള്ള ൫൫ ഒഴിവുകളിലും പകരം നിയമനം നടത്തി കഴിഞ്ഞു.

ശമ്പളപരിഷ്കാരം

* ൪൪൬. (൯൬) ശ്രീ. കൃഷ്ണൻഅയ്യപ്പൻ : താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു് ഗവൺമെന്റു് ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഈ വിഷയം ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly